പി.ഐ.യു 16664/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 13-05-2019
Website: www.cooperation.kerala.gov.in
Email : keralarcs.coop@kerala.gov.in
Phone No.0471-2330825

## സർക്കുലർ നമ്പർ. 20/2019

സർ,

വിഷയം:- സഹകരണ വകുപ്പ് - പ്രളയദുരന്തം - പുനർനിർമ്മാണം - സംഘങ്ങളുടെ ലാഭവിഹിതം - കെയർഹോം സംഭാവന - സംബന്ധിച്ച്.

സൂചന :- സഹകരണസംഘം രജിസ്ട്രാറുടെ 10-09-2018 ലെ 45/2018 നമ്പർ സർക്കുലർ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിലുണ്ടായ പ്രളയത്തെ തുടർന്ന് ജനങ്ങളുടെ ജീവനും സ്വത്തുകൾക്കും വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി സഹകരണ വകുപ്പ് കെയർഹോം എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. പദ്ധതിയുടെ വിജയത്തിനായി എല്ലാ സഹകരണ സംഘങ്ങളും അവരുടെ ഏറ്റവും ഒടുവിൽ അംഗീകരിച്ച് കിട്ടിയ ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത അംഗങ്ങൾക്ക് നൽകുന്ന ലാഭവിഹിതം പൊതുയോഗത്തിന്റെ അംഗീകാരത്തോടുകൂടി സംസ്ഥാന സഹകരണ ബാങ്കിൽ സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ ആരംഭിച്ചിട്ടുള്ള പൂൾ അക്കൗണ്ടിലേക്ക് സംഭാവനയായി നിക്ഷേപിക്കുന്നതിന് സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ വിവിധ സാങ്കേതിക തടസ്സങ്ങൾ കാരണം ചില സംഘങ്ങൾക്ക് ടി ലാഭവിഹിതം സംഭാവനയായി നിക്ഷേപിക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്ന വസ്തുത ഈ കാര്യാലയത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനാൽ, 2017-18 വർഷത്തിൽ കെയർഹോം പദ്ധതിക്കായി മാറ്റിയ ലാഭവിഹിതം നാളിതുവരെ പൂൾ അക്കൗണ്ടിലേക്ക് നിക്ഷേപിക്കാത്ത സംഘങ്ങൾ അടിയന്തിരമായി ടി തുക നിക്ഷേപിക്കുന്നതിനും, 2017-18 വർഷത്തിൽ ലാഭവിഹിതം നൽകിയിട്ടില്ലാത്ത സംഘങ്ങൾ അവരുടെ 2018-19 വർഷത്തിൽ അംഗീകരിച്ച് കിട്ടുന്ന ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത അംഗങ്ങൾക്ക് നൽകുന്ന ലാഭവിഹിതം, കണക്കാക്കി പൊതുയോഗത്തിന്റെ അംഗീകാരത്തോട്കൂടി ടി തുക കേരള സംസ്ഥാന സഹകരണ ബാങ്കിൽ സഹകരണ സംഘം രജിസ്ട്രാറുടെ

പേരിൽ കെയർഹോം പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള പൂൾ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ- 00110102300278) സംഭാവനയായി നിക്ഷേപിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
എസ്.ഷാനവാസ് (ഐ.എ.എസ്)
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:- 1) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
2) എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
3) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/ഡയറക്ടർ(ജനറൽ/ആഡിറ്റ്)മാർക്കും
4) എല്ലാ സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന)
5) ജനറൽ മാനേജർ,എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
6) എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും
7) വെബ് സൈറ്റ്
8) സ്റ്റോക്ക് ഫയൽ

എസ്.എ